DESPATCHED
On 13/4/22...



31.03.22


**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**


**ഹർജി നമ്പർ AP No.689(4)/*2021/എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.6674/*എസ്.ഐ.സി–ജി 2/2021*)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**(തീയതി 31.03.2022)**

ശ്രീ. ഷിബി. എ.എ , — അപ്പീൽ ഹർജിക്കാരി
അഡ്വക്കേറ്റ്,
'ഒമിനി ജസ്റ്റീഷ്യ,'
അമൂല്യ സ്ട്രീറ്റ്,
എറണാകുളം, പിൻ- 682 018.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (എച്ച്.ക്യൂ),
   വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ.
   ഡയറക്ടറേറ്റ്, തിരുവനന്തപുരം- 685033. — എതിർകക്ഷികൾ

2. അപ്പീൽ അധികാരി &
   പോലീസ് സൂപ്രണ്ട് (ഇന്റ്),
   വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
   തിരുവനന്തപുരം- 685033.

## ഉത്തരവ്

അപ്പീൽ ഹർജിക്കാരി 12.12.2020 ൽ ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയിൽ 6 വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നു. എറണാകുളം ജില്ലയിലെ പെരുമ്പാവൂരുള്ള ബാർ ഉടമകളിൽ നിന്ന് മാസപ്പടി വാങ്ങിയതിന് സസ്പെൻഡ് ചെയ്യപ്പെട്ട

3 എക്സൈസ് ഉദ്യോഗസ്ഥർക്ക് എതിരായ വിജിലൻസ് അന്വേഷണത്തിന്റെ തുടർ നടപടികൾ എന്തെന്നാണ് അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്. ടി കേസിന്റെ FIR, മൊഴികളുടെ പകർപ്പ്, മഹസർ എന്നിങ്ങനെയുള്ള മുഴുവൻ രേഖകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അടക്കമുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്. ഇതിന് അപൂർണ്ണവും, തെറ്റിദ്ധരിപ്പിക്കുന്നതും, തെറ്റായതുമായ മറുപടിയാണ് നൽകിയതെന്ന് ആരോപിച്ചാണ് ടിയാൾ 13.04.2021ൽ കമ്മീഷന് അപ്പീൽ ഹർജി നൽകിയത്. അപേക്ഷയിലെ ഒന്നു മുതിൽ നാലുവരെയുള്ള ചോദ്യങ്ങൾക്ക് അപൂർണമായ മറുപടിയാണ് നൽകിയതെന്നും, അന്വേഷണ റിപ്പോർട്ടുകളിലെ ശുപാർശകൾ സംബന്ധിച്ച വിവരങ്ങളും രേഖകളും ആർ.റ്റി.ഐ നിയമത്തിലെ 6(3)വകുപ്പ പ്രകാരം ബന്ധപ്പെട്ട ഓഫീസിലേക്ക് ഒന്നാം എതിർകക്ഷി കൈമാറിയില്ലെന്നും, 4-ാം ചോദ്യത്തിന് നൽകിയ മറുപടി തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും അപ്പീൽ ഹർജിയിൽ പറയുന്നു. അതുപോലെ 5-ാമത്തെ ചോദ്യത്തിന് ആധാരമായ രേഖകൾ പൂർണ്ണമായും നൽകിയിട്ടില്ലെന്നും, വിവരാവകാശ നിയമത്തിന്റെ 8(1)(h) പ്രകാരം രേഖകൾ നിഷേധിച്ച ഒന്നാം എതിർകക്ഷിയുടെ നടപടി നിയമവിരുദ്ധമാണെന്നും, 6,7 എന്നീ ചോദ്യങ്ങൾക്ക് 'ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല' എന്ന മറുപടി നൽകിയത് നിയമവിരുദ്ധമാണെന്നും ഹർജിയിൽ പറയുന്നുണ്ട്. നിയമപ്രകാരം 30 ദിവസത്തിനകം അപേക്ഷകന് രേഖകൾ നൽകുന്നതിൽ ഒന്നാം എതിർകക്ഷി വീഴ്ച വരുത്തിയെന്നും പരാതിയിൽ പറയുന്നു. ഔദ്യോഗിക വെബ്സൈറ്റിൽ വിവരാവകാശ നിയമം 4(1)(b) പ്രകാരം സ്വമേധയാ പ്രസിദ്ധീകരിക്കേണ്ട വിവരങ്ങൾ പോലും ഒന്നാം എതിർകക്ഷി നൽകാൻ തയ്യാറായില്ലെന്നും, ഇതു സംബന്ധിച്ച് രണ്ടാം എതിർകക്ഷിയുടെ ഉത്തരവിൽ പരാമർശം പോലും ഇല്ലെന്നും, ഔദ്യോഗിക വെബ്സൈറ്റിൽ ടി വിവരങ്ങൾ ഒന്നും പ്രസിദ്ധീകരിച്ചിട്ടില്ലെന്നും, ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ 'ഡയറക്ടർക്കു വേണ്ടി' എന്ന് രേഖപ്പെടുത്തിയാണ് ഒപ്പു വച്ചിട്ടുള്ളതെന്നും, ആയത് നിയമവിരുദ്ധമാണെന്നും, ഇക്കാര്യം അപ്പീലിൽ ചൂണ്ടിക്കാട്ടിയിട്ട് അത് ന്യായീകരിക്കുകയാണ് രണ്ടാം എതിർകക്ഷി

ചെയ്തതെന്നും തുടർന്ന് പറയുന്നു. ഈ വക കാര്യങ്ങൾ ഒന്നും പരിഗണിക്കാതെയാണ് രണ്ടാം എതിർകക്ഷി ഉത്തരവ് പുറപ്പെടുവിച്ചതെന്നും. ആയതുകൊണ്ട് അപൂർണ്ണവും. തെറ്റിദ്ധരിപ്പിക്കുന്നതുമായ മറുപടി ബോധപൂർവ്വം നൽകിയ എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പ് പ്രകാരം പിഴ ചുമത്തണമെന്നും. മറുപടി നൽകുന്നതിൽ മന:പൂർവ്വം വീഴ്ച വരുത്തിയതിന് വിവരാവകാശ നിയമം 19(8)(b) വകുപ്പു പ്രകാരമുള്ള നഷ്ടപരിഹാരം നൽകണമെന്നുമാണ് അപ്പീൽ ഹർജിക്കാരി കമ്മീഷന് സമർപ്പിച്ച അപ്പീൽ ഹർജിയിൽ പറയുന്നത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷന്റെ നിർദ്ദേശപ്രകാരം രണ്ടാം എതിർകക്ഷി 26.07.2021 ൽ കമ്മീഷന് റിപ്പോർട്ട് നൽകി. ടി റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു.

മറുപടിയായി ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽസ് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. സുനിൽകുമാറിന്റെ 10.01.2020, 17.01.2020 തീയതികളിലെ പരാതികളുടെ അടിസ്ഥാനത്തിൽ, പരാതി വിഷയം സംബന്ധിച്ച് അവരവരുടെ അധികാര പരിധിയിലുള്ള ജില്ലകളിൽ പ്രാഥമികാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിഎസിബിയിലെ എല്ലാ റേഞ്ച് പോലീസ് സൂപ്രണ്ടുമാർക്കും 21.10.2020 ലെ C-1176/2020/DVACB നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നുവെന്നും, ആയതിൻ പ്രകാരം നടത്തിയ പ്രാഥമികാന്വേഷണങ്ങളുടെ റിപ്പോർട്ടുകൾ ഈ ഓഫീസിൽ ലഭിച്ചുവരുന്നുവെന്നും, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറുപടി നൽകിയിരുന്നു. കൂടാതെ ഈ ഓഫീസിൽ ലഭിച്ച റിപ്പോർട്ടുകളിൽ PE 1/20/KKD, PE 1/20/IDK, PE 1/20/PKD, PE 1/20/WYD, PE 4/20/MPM എന്നിവയിൽ നടപടികൾ ശിപാർശ ചെയ്തിട്ടില്ലാത്തതിനാൽ തുടർ നടപടികൾ അവസാനിപ്പിച്ചിട്ടുണ്ടെന്നും PE 2/20/TVM, PE 1/20/ERK, PE2/20/KTM, PE 1/20/ALP എന്നീ റിപ്പോർട്ടുകൾ ഈ ഓഫീസിൽ സൂക്ഷ്മപരിശോധനയിലാണെന്നും, PE 3/20/KNR, PE 2/20/KLM, PE 1/20/TSR

എന്നീ റിപ്പോർട്ടുകൾ തുടർനടപടികൾക്കായി സർക്കാരിലെ വിജിലൻസ് വകുപ്പിലേക്ക് അയച്ചിട്ടുണ്ടെന്നും ടി റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള സർക്കാർ തീരുമാനം സംബന്ധിച്ച് ഈ ഓഫീസിൽ അറിയിപ്പ് ലഭിച്ചിട്ടില്ലായെന്നും വ്യക്തമായ മറുപടി നൽകിയിരുന്നു.

ടിയാൻ ഈ ഓഫീസിൽ സമർപ്പിച്ച അപ്പീൽ അപേക്ഷയിലും റിപ്പോർട്ടുകളിലെ ശിപാർശകളെ സംബന്ധിച്ച വിവരങ്ങളും രേഖകളും 6(3) വകുപ്പ് പ്രകാരം ബന്ധപ്പെട്ട ഓഫീസിലേക്ക് കൈമാറ്റം ചെയ്യുന്നതിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ വീഴ്ച വരുത്തിയെന്ന് ആരോപിച്ചിരുന്നതിനെ തുടർന്ന് അപ്പീൽ അപേക്ഷ പരിഗണിച്ച് ടിയാന്റെ വിവരാവകാശ അപേക്ഷ വിജിലൻസ് വകുപ്പിലെയും വിഎസിബി എറണാകുളം യൂണിറ്റിലെയും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക് അയച്ചുകൊടുക്കുകയും ടി ഓഫീസുകളിൽ നിന്നും ടിയാന് 13.04.2021 ലെ വിജി-എ 2/118/2021/വിജി നമ്പർ സർക്കാർ കത്ത് പ്രകാരവും 30.03.2021 ലെ 456/2021/EKM നമ്പർ കത്ത് പ്രകാരവും മറുപടി നൽകിയിട്ടുണ്ട് എന്ന വിവരവും കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു കൊള്ളുന്നു. കൂടാതെ അപ്പീൽ അപേക്ഷ പരിഗണിച്ച് കൂടുതൽ വിശദമായ പരിശോധന നടത്തിയതിൽ വിവരാവകാശ അപേക്ഷയിൽ പ്രതിപാദിച്ചിട്ടുള്ള എക്സൈസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തത് എക്സൈസിന്റെ ഇന്റേണൽ വിജിലൻസ് നടത്തിയ അന്വേഷണവുമായി ബന്ധപ്പെട്ടാണ് എന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ടെന്നും ഈ ബ്യൂറോയുടെ അന്വേഷണത്തിന്റെ ഭാഗമായി ടി ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടില്ലായെന്നും അപ്പീൽ അധികാരി മറുപടി നൽകിയിരുന്നു.

ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലെ ക്രമ നം.4 ചോദ്യത്തിന് നൽകിയ ഉത്തരം തെറ്റിദ്ധരിപ്പിക്കുന്നതാണ് എന്ന് അപേക്ഷകൻ ആരോപിച്ചിരിക്കുന്നു. പരാമർശിത വിഷയവുമായി ബന്ധപ്പെട്ട കേസിൽ അന്വേഷണം നടത്തുന്നതിനായി അഴിമതി നിരോധന

നിയമപ്രകാരം മുൻകൂർ അനുമതിയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അപേക്ഷയുടെയും അതിന്മേലുള്ള തുടർനടപടികളും വ്യക്തമാക്കുന്ന രേഖകൾ നൽകണമെന്നുമാണ് അപേക്ഷയിലെ ക്രമ നം.4 ചോദ്യത്തിലൂടെ അപേക്ഷകൻ ആവശ്യപ്പെട്ടിരുന്നത്. ആയതിന് മറുപടിയായി മുൻകൂർ അനുമതിയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന വ്യക്തമായ മറുപടിയും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയിരുന്നു. ഈ ഓഫീസ് രേഖകൾ പ്രകാരം അപ്രകാരം ഒരു അന്വേഷണത്തിനായി അനുമതി തേടിയിരുന്നില്ല എന്ന വിവരവും കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു കൊള്ളുന്നു.

ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലെ ക്രമ നം.5 ചോദ്യത്തിന് ഉത്തരമായ രേഖകൾ പൂർണമായും നൽകിയില്ല എന്നും, 8(1) (എച്ച്) വകുപ്പ് പ്രകാരം തെറ്റായാണ് ചോദ്യം നിരാകരിച്ചതെന്നും അപേക്ഷകൻ ആരോപിച്ചിരിക്കുന്നു. പരാമർശിത വിഷയവുമായി ബന്ധപ്പെട്ട കേസിൽ വിജിലൻസ് ഡയറക്ടർക്ക്, ആഭ്യന്തര വകുപ്പിന്, സർക്കാരിന് നൽകിയ റിപ്പോർട്ടുകളുടെ പകർപ്പുകൾ നൽകണമെന്നാണ് അപേക്ഷയിലെ ക്രമ നം.5 ചോദ്യത്തിലൂടെ അപേക്ഷകൻ ആവശ്യപ്പെട്ടിരുന്നത്. ആയതിനു മറുപടിയായി PE 1/20/KKD, PE 1/20/IDK, PE 2/20/PKD PE 1/20/WYD, PE 4/20/MPM എന്നിവയുടെ അന്വേഷണ റിപ്പോർട്ടുകൾ ആകെ 43 പേജുകളുണ്ടെന്നും, പകർപ്പ് ലഭിക്കുന്നതിനായി വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് ഒടുക്കണമെന്നും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അറിയിച്ചിരുന്നു. കൂടാതെ നടപടികൾ പൂർത്തിയായിട്ടില്ലാത്ത റിപ്പോർട്ടുകളുടെ പകർപ്പുകളും റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ തീരുമാനം സംബന്ധിച്ച് സർക്കാരിൽ നിന്നും ഈ ഓഫീസിൽ അറിയിപ്പ് ലഭിച്ചിട്ടില്ലാത്ത റിപ്പോർട്ടുകളുടെ പകർപ്പുകളും വിവരാവകാശ ആക്ടിലെ 8(1) (എച്ച്) വകുപ്പ് പ്രകാരം ഇപ്പോൾ ലഭ്യമാക്കുവാൻ നിർവാഹമില്ല എന്ന വിവരവും അറിയിച്ചിരുന്നു. നടപടികൾ പൂർത്തിയായിട്ടില്ലാത്ത റിപ്പോർട്ടുകളുടെ പകർപ്പുകളും റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ തീരുമാനം സംബന്ധിച്ച് ഈ ഓഫീസിൽ അറിയിപ്പ് ലഭിച്ചിട്ടില്ലാത്ത റിപ്പോർട്ടുകളുടെ പകർപ്പുകളും അപേക്ഷകന് നൽകുന്നത് തുടരന്വേഷണം

ആവശ്യമാകുന്ന സാഹചര്യങ്ങളിൽ അന്വേഷണത്തെ ബാധിക്കുമെന്നുള്ളതു കൊണ്ടാണ് അവ വിവരാവകാശ ആക്ടിലെ 8(1) (എച്ച്) വകുപ്പ് പ്രകാരം നിരസിച്ചിട്ടുള്ളത് എന്ന വിവരവും കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു കൊള്ളുന്നു. ടിയാൻ നിശ്ചിത ഫീസ് ഒടുക്കിയതിനെ തുടർന്ന് വിവരാവകാശ നിയമപ്രകാരം അനുവദിക്കുവാൻ കഴിയുന്ന റിപ്പോർട്ടുകൾ അപേക്ഷകന് നൽകുകയും ചെയ്തിരുന്നു.

ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലെ 6,7 ചോദ്യങ്ങൾക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല എന്ന മറുപടിയാണ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയതെന്നും, ടി രേഖകൾ പരിശോധിക്കാനുള്ള അവസരം നിഷേധിച്ചുവെന്നും ആരോപിച്ചിരിക്കുന്നു. നിലവിലെ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനമൊട്ടാകെ നടന്ന മിന്നൽ പരിശോധനകൾ, ട്രാപ്പുകൾ, വിജിലൻസ് അന്വേഷണങ്ങൾ, ത്വരിതാന്വേഷണങ്ങൾ, രഹസ്യ പരിശോധനകൾ, കോടതിയുടെ പരിഗണനയിലുള്ള കേസുകൾ, ശിക്ഷിക്കപ്പെട്ടവർ, വെറുതെ വിടപ്പെട്ടവർ എന്നിവ വ്യക്തമാക്കുന്ന വിവരങ്ങൾ ജില്ല, യൂണിറ്റ്, റെയ്ഞ്ച് ഓഫീസ്, പ്രത്യേക യൂണിറ്റ് ഓഫീസ് എന്നിവയുടെ അടിസ്ഥാനത്തിൽ വർഷം തിരിച്ച് നൽകണമെന്നാണ് അപേക്ഷയിലെ 6,7 ചോദ്യങ്ങളിലൂടെ അപേക്ഷകൻ ആവശ്യപ്പെട്ടിരുന്നത്. ആയതിനു മറുപടിയായി ആവശ്യപ്പെട്ട വിവരങ്ങൾ അപേക്ഷകൻ ആവശ്യപ്പെട്ട മാതൃകയിൽ ഈ ഓഫീസിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലായെന്നും, ടി മാതൃകയിൽ വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിക്കുക എന്നത് ഈ ഓഫീസ് പ്രവർത്തനത്തെ ബാധിക്കുന്നതുമാണെന്ന് അറിയിക്കുകയും കൂടാതെ ആവശ്യപ്പെട്ട വിവരങ്ങളിൽ ഈ ഓഫീസിൽ ലഭ്യമായവ ലഭ്യമായ മാതൃകയിൽ അപേക്ഷകന് നൽകുകയും ചെയ്തിരുന്നു. അതായത്, 2016 മുതൽ ഇതുവരെയുള്ള കാലയളവിൽ വിഎസിബിയുടെ വിവിധ യൂണിറ്റുകൾ മുഖേന 2267 മിന്നൽ പരിശോധനകളും, 432 വിജിലൻസ് അന്വേഷണങ്ങളും, 1024 ത്വരിതാന്വേഷണങ്ങളും, 411 രഹസ്യ പരിശോധനകളും നടത്തിയിട്ടുണ്ടെന്നും, പ്രസ്തുത കാലയളവിൽ രജിസ്റ്റർ ചെയ്ത 665

വിജിലൻസ് കേസുകളിൽ 86 എണ്ണം ട്രാപ് കേസുകളാണെന്നും, 437 കേസുകളിൽ കോടതികളിൽ ചാർജ് ഷീറ്റ് ഫയൽ ചെയ്തിട്ടുണ്ടെന്നും 281 പ്രതികളെ ശിക്ഷിക്കുകയും 287 പേരെ വെറുതെ വിടുകയും ചെയ്തിട്ടുണ്ടെന്നും അപേക്ഷകനെ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ അറിയിച്ചിരുന്നു. രേഖകൾ പരിശോധിക്കാനുള്ള അവസരം നൽകണമെന്ന് അപേക്ഷകൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നില്ല എന്ന വിവരവും കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നു.

4(1)(b) വകുപ്പ് പ്രകാരം പൊതു അധികാരി ഔദ്യോഗിക വെബ്സൈറ്റിൽ സ്വമേധയാ പ്രസിദ്ധീകരിക്കേണ്ട വിവരങ്ങളാണ് ആവശ്യപ്പെട്ടതെന്നും, അത്തരം വിവരങ്ങൾ പോലും നൽകുവാൻ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ തയ്യാറായില്ലായെന്നും അപേക്ഷകൻ ആരോപിച്ചിരിക്കുന്നു. പോലീസ് വകുപ്പിലെ പഴയ X ബ്രാഞ്ചിന് പകരമായി 21.12.1964 ലെ G.O.(Ms)No.525/Home എന്ന ഉത്തരവ് പ്രകാരം 1964 ലാണ് വിജിലൻസ് ഡിവിഷൻ എന്ന പേരിൽ വിജിലൻസ് പ്രവർത്തനമാ - രംഭിച്ചത്. ടി കാലയളവ് മുതലുള്ള ഈ ബ്യൂറോയുടെ അന്വേഷണങ്ങൾ വിവിധ രജിസ്റ്ററുകളിലായാണ് രേഖപ്പെടുത്തി സൂക്ഷിച്ചു പോരുന്നത്. അവ ക്രോഡീകരിച്ച് പൊതുജനങ്ങൾക്ക് പ്രാപ്തമാകുന്ന വിധത്തിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് മുമ്പായി ടി വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കേണ്ടതുണ്ട്. ആയതിനാലാണ് ടി വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസമുണ്ടാകുന്നത് എന്ന വിവരം ബഹു.കമ്മീഷൻ മുന്പാകെ ബോധിപ്പിക്കുന്നു. എന്നാൽ, വിഎസിബി രജിസ്റ്റർ ചെയ്യുന്ന വിജിലൻസ് കേസുകളുടെ വിവരങ്ങൾ അടങ്ങിയ FIR വിഎസിബിയുടെ ഔദ്യോഗിക വെബ് സൈറ്റിൽ ഇപ്പോൾ ലഭ്യമാണ് എന്നും ബോധിപ്പിക്കുന്നു.

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടിയിൽ "ഡയറക്ടർക്കുവേണ്ടി" എന്നു രേഖപ്പെടുത്തിയാണ് ഒപ്പു വച്ചിട്ടുള്ളതെന്നും ആയത്

നിയമവിരുദ്ധമാണെന്നും ആരോപിച്ചിരിക്കുന്നു. ഇതേ ആരോപണം ടിയാൻ സമർപ്പിച്ച ഒന്നാം അപ്പീലിലും ഉന്നയിച്ചിരുന്നതിനെ തുടർന്ന് ആയതിനുള്ള വിശദീകരണം അപ്പീൽ അധികാരി നൽകിയിരുന്നു. അതായത്, ഈ ഓഫീസിൽ ലഭിക്കുന്ന വിവരാവകാശ അപേക്ഷകളിൽ iaps എന്ന Electronic File Processing System മുഖേനയാണ് നടപടികൾ സ്വീകരിച്ചുവരുന്നതെന്നും, ടി സിസ്റ്റത്തിലെ ക്രമീകരണത്തിന്റെ ഫലമായാണ് വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾക്ക് നൽകുന്ന മറുപടികളിൽ "ഡയറക്ടർക്കുവേണ്ടി" എന്ന പ്രയോഗം വന്നിരുന്നതെന്നും, ആയത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും, അപേക്ഷകനെ അപ്പീലധികാരി അറിയിച്ചിരുന്നു.

അപേക്ഷകൻ വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെട്ടിരുന്ന രേഖകളൊന്നും തന്നെ മനഃപൂർവ്വമായി നൽകാതിരുന്നിട്ടില്ലെന്നും, അപൂർണ്ണവും തെറ്റിദ്ധരിപ്പിക്കുന്നതുമായ വിവരങ്ങൾ അപേക്ഷകന് നൽകിയിട്ടില്ലായെന്നും ബഹു.കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു കൊള്ളുന്നു. ടിയാന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നവയിൽ, ഈ ഓഫീസിൽ ലഭ്യമായ എല്ലാ വിവരങ്ങളും വ്യക്തമായ രീതിയിൽ തന്നെ അപേക്ഷകന് നൽകിയിട്ടുണ്ട്. കൂടാതെ കമ്മീഷനിലേക്കുള്ള റിപ്പോർട്ടിന്റെ പകർപ്പിനോടൊപ്പം, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽസ് അസോസിയേഷൻ പ്രസിഡന്റ് ശ്രീ വി.സുനിൽകുമാറിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ നടന്ന അന്വേഷണങ്ങളിൽ നടപടികൾ പൂർത്തിയായിട്ടുള്ള PE 2/20/TVM, PE 1/20/KLM, PE 2/20/PTA PE 1/20/ERK, PE 2/20/KTM, PE 2/20/TSR, PE 3/20/KNR, E22-21070/2020/SCE എന്നീ അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പുകൾ അപേക്ഷകന് സൗജന്യമായി നൽകിയിട്ടുണ്ട്."

3. ഇതിനുശേഷം കമ്മീഷൻ 08.02.2022 ൽ ഓഡിയോ ഹിയറിംഗ് നടത്തി. ഇരുകക്ഷികളും ഹിയറിംഗിൽ പങ്കെടുത്തു. താൻ ആവശ്യപ്പെട്ട അന്വേഷണ റിപ്പോർട്ടുകളിൽ പെരുമ്പാവൂരിലെ അന്വേഷണ റിപ്പോർട്ട് മാത്രമാണ് ഒന്നാം എതിർകക്ഷി

നൽകാതിരുന്നതെന്നും. അതു മാത്രം നൽകാതിരുന്നതിൽ ദുരൂഹത ഉണ്ടെന്നും അപ്പീൽ ഹർജിക്കാരി മൊഴി നൽകി. ഇത് അന്വേഷണത്തെ ബാധിക്കുന്നതാണ് എന്ന് കേവലമായി പറയാതെ, എങ്ങനെ അന്വേഷണത്തെ ബാധിക്കും എന്ന് വ്യക്തമാക്കേണ്ടതായിരുന്നുവെങ്കിലും, അത് ഉണ്ടായിട്ടില്ല. പെരുമ്പാവൂരിലെ അന്വേഷണ റിപ്പോർട്ടാണ് പ്രധാനമായും ലഭിക്കേണ്ടിയിരുന്നതെന്നും, അത് ലഭിക്കും എന്ന വിശ്വാസത്തിലാണ് പകർപ്പ് ഫീസ് അടയ്ക്കാൻ തയ്യാറായതെന്നും അപ്പീൽ ഹർജിക്കാരി പറഞ്ഞു. 1964 ന് ശേഷം ഇതേവരെ ഔദ്യോഗിക വെബ്സൈറ്റിൽ വിവരങ്ങൾ രേഖപ്പെടുത്താത്തത് അത്ഭുതകരമാണെന്നും, ഡയറക്ടർക്കുവേണ്ടി എന്ന പറഞ്ഞ് വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയത് ശരിയായ നടപടി അല്ലെന്നും അപ്പീൽ ഹർജിക്കാരി ഹിയറിംഗിൽ മൊഴി നൽകി.

4. വിവരാവകാശ നിയമത്തിന്റെ 6(3) വകുപ്പ് പ്രകാരം അപേക്ഷ കൈമാറുന്നതിൽ വീഴ്ച സംഭവിച്ചു എന്ന് ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു. അന്വേഷണവുമായി ബന്ധപ്പെട്ട് തന്റെ ഓഫീസിൽ ലഭിച്ച റിപ്പോർട്ടുകളിൽ PE 1/20/KKD, PE 1/20/IDK, PE 2/20/PKD PE 1/20/WYD, PE 4/20/MPM എന്നിവയിൽ നടപടികൾ ശുപാർശ ചെയ്തിട്ടില്ലാത്തതിനാൽ തുടർ നടപടികൾ അവസാനിപ്പിച്ചിട്ടുണ്ടെന്നും, PE 2/20/TVM, PE 1/20/ERK, PE 2/20/KTM PE 1/20/ALP എന്നീ റിപ്പോർട്ടുകൾ ഓഫീസിൽ സൂക്ഷ്മമായ പരിശോധനയിലാണെന്നും, PE 3/20/KNR, PE 1/20/KLM, PE 2/20/TSR എന്നീ റിപ്പോർട്ടുകൾ തുടർ നടപടികൾക്കായി സർക്കാരിലെ വിജിലൻസ് വകുപ്പിലേക്ക് അയച്ചിട്ടുണ്ടെന്നും, ടി റിപ്പോർട്ടുകളിലെ ശുപാർശകളിലുള്ള സർക്കാർ തീരുമാനം സംബന്ധിച്ച് ഓഫീസിൽ അറിയിപ്പ് ലഭിച്ചിട്ടില്ലായെന്നും മറുപടി നൽകിയിരുന്നുവെന്ന് ഒന്നാം എതിർകക്ഷി പറഞ്ഞു.

5. ഇതോടൊപ്പം ഒന്നാം എതിർകക്ഷി രേഖാമൂലം കമ്മീഷന് നൽകിയ മൊഴിയിൽ ഇപ്രകാരം പറയുന്നു. "അപേക്ഷ 6(3) പ്രകാരം കൈമാറിയില്ല എന്ന ആരോപണത്തെ തുടർന്ന് അപ്പീലപേക്ഷ പരിഗണിച്ച് വിവരാവകാശ അപേക്ഷ വിജിലൻസ് വകുപ്പിലേയും, VACB EKM യൂണിറ്റിലേയും എസ്.പി.ഐ.ഒ മാർക്ക് അയച്ചുകൊടുക്കുകയും, ടി ഓഫീസുകളിൽ നിന്ന് ടിയാന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. അപേക്ഷകന്റെ 6,7 എന്നീ ഇനങ്ങളിലെ ചോദ്യങ്ങൾക്കുള്ള മറുപടി ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്നും, അപേക്ഷകൻ ആവശ്യപ്പെട്ട മാതൃകയിൽ വിവരങ്ങൾ ക്രോഡീകരിക്കുക ഓഫീസ് പ്രവർത്തനത്തെ ബാധിക്കുന്നതാണ് എന്ന് അറിയിക്കുകയും, ആവശ്യപ്പെട്ട വിവരങ്ങളിൽ ഓഫീസിൽ ലഭ്യമായവ ലഭ്യമായ മാതൃകയിൽ അപേക്ഷകന് നൽകുകയും ചെയ്തു. രേഖകൾ പരിശോധിക്കാനുള്ള അവസരം നൽകണമെന്ന് അപേക്ഷകൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നില്ല. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ട വിവരങ്ങൾ വിവിധ രജിസ്റ്ററുകളിലായാണ് സൂക്ഷിച്ചു പോരുന്നത്. അവ ക്രോഡീകരിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കേണ്ടതുണ്ട്. അതിനാലാണ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത്. വിവരാവകാശ അപേക്ഷകൾക്ക് നൽകുന്ന മറുപടികളിൽ 'ഡയറക്ടർക്കു വേണ്ടി' എന്ന പ്രയോഗം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപേക്ഷകൻ ആവശ്യപ്പെട്ട രേഖകൾ ഒന്നും മന:പൂർവ്വമായി നൽകാതിരുന്നിട്ടില്ല. അപൂർണവും തെറ്റിദ്ധരിപ്പിക്കുന്നതുമായ വിവരങ്ങൾ നൽകിയിട്ടുമില്ല.

6. ഇരുകക്ഷികളുടെയും മൊഴികളും, ഒന്നാം എതിർകക്ഷി നൽകിയ റിപ്പോർട്ടും, അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു.

7. അപ്പീൽ ഹർജിക്കാരി ആവശ്യപ്പെട്ട അന്വേഷണ റിപ്പോർട്ടുകളിൽ, പെരുമ്പാവൂരിലെ അന്വേഷണ റിപ്പോർട്ട് മാത്രമാണ് ഒന്നാം എതിർകക്ഷി

നൽകാതിരുന്നതെന്നും, അതിൽ ദുരൂഹതയുണ്ടെന്നുമാണ് ടിയാൾ ആരോപിച്ചത്. ആയതിന് എസ്.പി.ഐ.ഒ ആയ ഒന്നാം എതിർകക്ഷി പറഞ്ഞ മറുപടിയാകട്ടെ, ടി റിപ്പോർട്ട് തുടർ നടപടികൾക്കായി സർക്കാരിലെ വിജിലൻസ് വകുപ്പിലേക്ക് അയച്ചിട്ടുണ്ടെന്നും, ടി റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള സർക്കാർ തീരുമാനം സംബന്ധിച്ച് ഓഫീസിൽ അറിയിപ്പ് ലഭിച്ചിട്ടില്ലായെന്നും, ഇതിന്മേൽ കേസെടുക്കണമെന്ന നിർദ്ദേശം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായാൽ, അതിനുമുമ്പ് റിപ്പോർട്ട് പുറത്തുവിടുന്നത് കേസന്വേഷണത്തെ ബാധിക്കുമെന്നും, അതുകൊണ്ടാണ് ആയത് നൽകാതിരുന്നതെന്നും, ഗവൺമെന്റിന്റെ അന്തിമ തീരുമാനം വന്നാൽ മാത്രമേ അതു നൽകാൻ കഴിയുകയുള്ളൂ എന്നുമാണ് ഒന്നാം എതിർകക്ഷി പറയുന്നത്.

8. എന്നാൽ ഒന്നാം എതിർകക്ഷിയുടെ ഈ നിഗമനവും തീരുമാനവും നിയമപരമായി നിലനിൽക്കുന്നതല്ല. വിവരാവകാശ നിയമപ്രകാരം എസ്.പി.ഐ.ഒയ്ക്ക് നൽകാൻ ബാധ്യതയില്ലാത്ത വിവരങ്ങൾ ഏതൊക്കെയാണെന്ന് വിവരാവകാശ നിയമത്തിന്റെ 8(1) a മുതൽ j വരെ, 9 എന്നീ അനുച്ഛേദങ്ങളിലാണ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഏതെങ്കിലും വിവരമോ, രേഖയോ നിഷേധിക്കുകയാണെങ്കിൽ, ടി അനുച്ഛേദങ്ങളിൽ ഏതെങ്കിലും ഒന്നു ചൂണ്ടിക്കാട്ടിയിട്ടുവേണം അങ്ങനെ ചെയ്യേണ്ടത്. അല്ലാതെ ഭാവിയിൽ സംഭവിച്ചേക്കാൻ ഇടയുണ്ട് എന്ന് ഒന്നാം എതിർകക്ഷി മനസിലോ, ഭാവനയിലോ കാണുന്ന ഒരു കാര്യം ചൂണ്ടിക്കാട്ടി, നിലവിലെ പൊതുരേഖയായി മാറിയ ഒരു വിവരമോ രേഖയോ നൽകാതിരിക്കാൻ കഴിയില്ല. വിവരാവകാശ നിയമം 8(1)(h) പറയുന്നത് 'information which would impede the process of investigation or apprehension or prosecution of offenders' എന്നാണ്. അതാകട്ടെ, അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്ന ഒരു വിഷയത്തെ സംബന്ധിച്ചാണ്. അല്ലാതെ, ഭാവിയിൽ അത്തരം ഒരു അന്വേഷണത്തിന് സാധ്യതയുണ്ട് എന്ന് ഭാവനയിൽ കണ്ട് അതിന്റെ പേരിൽ വിവരങ്ങളോ, രേഖകളോ നിഷേധിക്കുന്നത് നിയമപരമായ നടപടിയല്ല. അതുകൊണ്ട് തന്നെ അത് അംഗീകരിക്കാൻ കഴിയുന്നതുമല്ല.

നിലവിൽ ഉള്ള ഒരു റിപ്പോർട്ട് പൊതു രേഖയുടെ ഗണത്തിൽപ്പെടുന്നത് ആയതുകൊണ്ട് അത് വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളിൽ നൽകിയേ മതിയാകൂ.

9. ഒരു വിവരം പുറത്ത് കൊടുക്കുന്നത് അന്വേഷണത്തെ ബാധിക്കും എന്ന് എസ്.പി.ഐ.ഒ യ്ക്ക് ഉറപ്പുണ്ടെങ്കിൽ, അത് കേവലം അന്വേഷണത്തെ ബാധിക്കും എന്നല്ല പറയേണ്ടത്, മറിച്ച്, എങ്ങനെ അത് അന്വേഷണത്തെ ബാധിക്കും എന്ന് വിശദമാക്കാനുള്ള ബാധ്യത എസ്.പി.ഐ.ഒയ്ക്ക് ഉണ്ട്. ഇവിടെ അതൊന്നും ഇല്ലാത്ത സാഹചര്യത്തിൽ ഈ വിവരവും രേഖയും കൊടുക്കാൻ എസ്.പി.ഐ.ഒ ആയ ഒന്നാം എതിർകക്ഷി ബാധ്യസ്ഥനാണ്.

10. വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെടാതെ, അപ്പീൽ ഘട്ടത്തിൽ രേഖകൾ പരിശോധിക്കണമെന്ന അപ്പീൽ ഹർജിക്കാരിയുടെ ആവശ്യം പരിഗണിക്കാൻ കഴിയില്ല എന്ന ഒന്നാം എതിർകക്ഷിയുടെ വാദം നിയമപരമാണ്. അതുകൊണ്ടുതന്നെ അത് കമ്മീഷൻ ശരിവയ്ക്കുന്നു.

11. 1964 ന ശേഷം വിജിലൻസിന്റെ വെബ്സൈറ്റിൽ update ചെയ്തിട്ടില്ല എന്ന ഒന്നാംകക്ഷിയുടെ മൊഴി അത്ഭുതകരമാണ്. ഇത് സമയബന്ധിതമായി പൂർത്തിയാക്കാൻ വിജിലൻസ് ഡയറക്ടർ സത്വര നടപടികൾ സ്വീകരിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു

12. ഇതെല്ലാം കണക്കിലെടുത്ത് അപ്പീൽ ഹർജിക്കാരി ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും രേഖകളും 25.04.2022 നകം പൂർണ്ണമായും സൗജന്യമായി ഒന്നാം എതിർകക്ഷി അപ്പീൽ ഹർജിക്കാരിക്ക് നൽകേണ്ടതും. ടി വിവരം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

13. അതോടൊപ്പം, നിയമപരമല്ലാത്ത ടി വിവരങ്ങളും രേഖകളും പൂർണ്ണമായും നൽകാതിരുന്ന പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്കെതിരെ

നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയതും 25.04.2022 നകം ഒന്നാം എതിർകക്ഷി കമ്മീഷനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

14. മേൽപറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേദിവസം 31.03.2022 ന് താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

Sd/

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

പകർപ്പ്
ഡയറക്ടർ,
വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
ഡയറക്ടറേറ്റ്, തിരുവനന്തപുരം.

re